**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിള്‍** | | **ശ്രീമതി വീണാ ജോര്‍ജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം നാഷണല്‍ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയില്‍ ഉള്‍പ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നാഷണല്‍ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയില്‍ ഉള്‍പ്പെടുത്തി ആശുപത്രികള്‍ പുതുതായി അനുവദിക്കുകയാണ് ചെയ്യുന്നത്. നവീകരണ പ്രവര്‍ത്തനങ്ങള്‍ പ്രസ്തുത സ്കീമില്‍ ഉള്‍പ്പെടുത്തുന്നതല്ല.<br><br>ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയില്‍ ഉള്‍പ്പെടുത്തി പുതുതായി നിര്‍മ്മിക്കുന്ന ആശുപത്രികളുടെ വിശദാംശങ്ങള്‍ താഴെ ചേര്‍ക്കുന്നു.<br><br>എ) 50 കിടക്കകളുള്ള ആശുപത്രികള്‍ – 3 എണ്ണം (അട്ടപ്പാടി, കാപ്പുകാട് & വര്‍ക്കല)<br><br>ബി) 30 കിടക്കകളുള്ള ആശുപത്രികള്‍ – 4 എണ്ണം. (കൊട്ടാരക്കര-കൊല്ലം,കുഴിനിലം-വയനാട്,ആറന്മുള-പത്തനംതിട്ട,രാജകുമാരി - ഇടുക്കി).<br><br>സി) 10 കിടക്കകളുള്ള ആശുപത്രികള്‍ – 1 എണ്ണം. (അടൂര്‍ - പത്തനംതിട്ട) |
| (ബി) | ഏതെല്ലാം ആശുപത്രികള്‍ നവീകരിക്കുന്നതിനാണ് സ്റ്റേറ്റ് ആക്ഷന്‍ പ്ലാനില്‍ ഉള്‍പ്പെടുത്തി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് സമര്‍പ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2024-25 ല്‍ സ്റ്റേറ്റ് ആക്ഷന്‍ പ്ലാനില്‍ ഉള്‍പ്പെടുത്തി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് സമര്‍പ്പിച്ച പദ്ധതികള്‍ അംഗീകരിച്ചു ലഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വര്‍ഷത്തേയ്ക്കുള്ള പദ്ധതികള്‍ 2025 മാര്‍ച്ച് മാസത്തിലാണ് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് സമര്‍പ്പിക്കേണ്ടത്. ആയതിനുള്ള നടപടികള്‍ സ്വീകരിച്ചു വരുന്നു. |
| (സി) | കോട്ടയം ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കോട്ടയം ജില്ലയില്‍ അപ്ഗ്രഡേഷന്‍ ഓഫ് ആയുഷ് ഹോസ്പിറ്റല്‍/ഡിസ്പെന്‍സറി കംപോണന്റില്‍ ഉള്‍പ്പെടുത്തിയ ആയുഷ് സ്ഥാപനങ്ങളുടെ വിവരങ്ങള്‍ അനുബന്ധം I ആയി ചേര്‍ക്കുന്നു. |
| (ഡി) | ചങ്ങനാശ്ശേരി ഗവണ്‍മെന്റ് ആയുര്‍വേദ ആശുപത്രിയെ പ്രസ്തുത പദ്ധതിയില്‍ | (ഡി) | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി അനുവദിച്ച 50 സെന്റ് സ്ഥലത്ത് ഇന്‍റഗ്രേറ്റഡ് ആയുഷ് ആശുപത്രി |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തുന്നതിനായുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | സ്ഥാപിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടെങ്കിലും 50 സെന്റ് സ്ഥലം ആയുഷ് ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി സ്ഥാപിക്കുന്നതിന് മതിയാകുന്നതല്ലായെന്നതിനാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണുള്ളത്.<br><br>ചങ്ങനാശ്ശേരി ഗവ.ആയുർവേദ ആശുപത്രി നവീകരണത്തിനായി ഒരു കോടി രൂപയുടെ അപ്ഗ്രഡേഷൻ സ്കീം പ്രകാരം തുക അനുവദിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. ആശുപത്രി നവീകരണത്തിനായി തുക ലഭ്യമാക്കുന്നതിനുള്ള സാധ്യത നാഷണൽ ആയുഷ് മിഷൻ പരിശോധിക്കുകയും, പൂർണ്ണമായും ആശുപത്രി പ്രവർത്തന സജ്ജമാക്കുന്നതിന് 1 കോടി രൂപ തികയില്ലായെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കോട്ടയം ജില്ലയിലെ ആശുപത്രികൾ.

| Kottayam Civil Works Approved | | | |
|---|---|---|---|
| **SL No.** | **SAAP Yr** | **District** | **Institution name** |
| 1 | 2015-16 | Kottayam | Govt. Ayurveda Dispensary Njeezhoor |
| 2 | 2022-23 | Kottayam | Govt. Ayurveda Dispensary Vazhoor |
| 3 | 2016-17 | Kottayam | Govt. Homoeopathy Dispensary Kanakkari |
| 4 | 2023-24 | Kottayam | Govt. Homoeopathy Dispenary Chirakkadavu - Kottayam |
| 5 | 2024-25 | Kottayam | Govt. Homoeopathy Dispensary Kudukkachira - Kottayam |
| 6 | 2024-25 | Kottayam | Govt. Homoeopathy Dispensary Cherppunkal - Kottayam |
| 7 | 2023-24 | Kottayam | Govt. Ayurveda Hospital Veliyannur - Kottayam |
| 8 | 2023-24 | Kottayam | Govt. Ayurveda Hospital Kothala - Kottayam |
| 9 | 2023-24 | Kottayam | Govt. Ayurveda Hospital Vaikkom - Kottayam |
| 10 | 2024-25 | Kottayam | Govt. Ayurveda Hospital Nattakom - Kottayam |
| 11 | 2017-18 | Kottayam | District Homoeopathy Hospital Kottayam |
| 12 | 2018-19 | Kottayam | Govt. Homoeopathy Hospital Kurichy |
| 13 | 2023-24 | Kottayam | Govt. Homoeopathy Hospital Pala - Kottayam |
| 14 | 2024-25 | Kottayam | District Homoeopathy Hospital Kottayam |

22/1/25